(ബി) ആദിവാസികളും പിന്നോക്ക ജനവിഭാഗങ്ങളും അധിവസിക്കുന്ന ഈ മേഖലയുടെ പ്രത്യേകത പരിഗണിച്ച് ഇവിടെ സ്ഥിരം അദ്ധ്യാപകരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സ്ഥിരാദ്ധ്യാപകർ വരുന്നത് വരെ അദ്ധ്യയനം നടത്താൻ താല്കാലിക അദ്ധ്യാപകരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 5-5-2014-ലെ സ.ഉ.(കൈ) 73/2014/പൊ.വി. ഉത്തരവ് പ്രകാരം മാമലക്കണ്ടം ഗവൺമെന്റ് യു.പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാമലക്കണ്ടം ഗവൺമെന്റ് ഹൈസ്കൂളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) താത്ക്കാലികമായി തസ്തികയില്ലാതെ അധികമായി നിൽക്കുന്ന അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

മുന്നിയൂർ ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീ. കെ. കെ. അനീഷ് ആത്മഹത്യചെയ്യാനുണ്ടായ കാരണങ്ങൾ

84 (1139) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂൾ സാമൂഹ്യശാസ്ത്ര അദ്ധ്യാപകനായിരുന്ന ശ്രീ കെ. കെ. അനീഷ് ആത്മഹത്യചെയ്യാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) അദ്ധ്യാപകനെ സ്കൂളിൽ നിന്ന് പിരിച്ചുവിട്ടതും തുടർന്ന സ്കൂൾ മാനേജരുടെ പീഡനവുമാണ് ആത്മഹത്യയിലേക്ക് നയിച്ചത് എന്ന് പരാതി ലഭിച്ചിട്ടുണ്ടോ ; ഇതിന്മേൽ അന്വേഷണം നടത്തുകയുണ്ടായോ ;

(സി അദ്ധ്യാപകനെ ആദ്യം സസ്പെന്റ് ചെയ്യുകയും പിന്നീട് പുറത്താക്കുകയും ചെയ്ത മാനേജരുടെ നടപടിക്ക് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകാരം നൽകിയത് സംബന്ധിച്ച് അദ്ധ്യാപകൻ സമർപ്പിച്ച അപ്പീൽ പരിശോധിക്കുകയുണ്ടായോ ; ഇതിന്മേൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) അദ്ധ്യാപകനെതിരെ നടപടി എടുക്കുന്നതിന് ആധാരമായ പരാതിയും വുണ്ട് സർട്ടിഫിക്കറ്റും വ്യാജമാണെന്ന ആക്ഷേപം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണത്തിന് തയ്യാറാകുമോ ;

(ഇ) അദ്ധ്യാപകർക്കുമേൽ അച്ചടക്ക നടപടിയെടുക്കാനുള്ള മാനേജരുടെ അധികാരം ദുരുപയോഗം ചെയ്യുന്നതും അതിന് വിദ്യാഭ്യാസ വകുപ്പ് മേലധികാരികൾ വേണ്ടത്ര പരിശോധന നടത്താതെ അംഗീകാരം നൽകുന്നതും സംബന്ധിച്ച് നിലപാട് എന്താണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത വിഷയത്തിൽ 18-11-2014-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) ഉണ്ട്. പ്രസ്തുത വീഷയത്തിൽ 18-11-2014-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) അദ്ധ്യാപകൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചിരുന്നു. അതിന്മേൽ നടപടി പൂർത്തിയാക്കുന്നതിനു മുമ്പ് ടിയാൻ ആത്മഹത്യ ചെയ്തിരുന്നു.

(ഡി) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത വിഷയത്തിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പ്രസ്തുത വിഷയത്തിൽ ലഭ്യമാക്കുന്ന ആക്ഷേപങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

സ്കൂൾ യൂണിഫോം വിതരണ പദ്ധതി

85 (1140) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) യൂണിഫോം വിതരണത്തിന് കാലതാമസം നേരിടാനുണ്ടായ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) നടപടികൾ പൂർത്തിയായിട്ടുണ്ട്. യൂണിഫോമിനുവേണ്ടി അനുവദിക്കപ്പെട്ടിട്ടുള്ള തുക എസ്.എസ്.എ.-യുടെ സംസ്ഥാന ഓഫീസിൽ നിന്നും എല്ലാ ജില്ലാ ഓഫീസിലേക്കും കൈമാറുകയും ജില്ലകൾ അവ ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ (ബി.ആർ.സി.) എത്തിക്കുകയും ചെയ്യുന്നു. ബി.ആർ.സി.-കൾ സ്കൂളുകളിൽ എത്തിക്കുകയും ഹെഡ്മാസ്റ്റർ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ അനുമതിയോടെ രണ്ട് ജോഡി ഏണനിലവാരമുള്ള യൂണിഫോമുകൾ വിദ്യാർത്ഥികൾക്ക് വാങ്ങി നൽകുകയും ചെയ്യുന്നു.

(ബി) കേന്ദ്ര ഗവൺമെന്റിൽനിന്നും എസ്.എസ്.എ.-യിലേക്ക് ഫണ്ട് ലഭിക്കുന്നതിനുണ്ടായ കാലവിളംബംമൂലമാണ് സമയബന്ധിതമായി യൂണിഫോം വിതരണം ചെയ്യുന്നതിന് തടസ്സം നേരിട്ടത്.

LIBRARY ARCHIVES Kerala Legislative Assembly